<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4155</u> <u>09-08-2021 - ൽ മറുപടിയ്ക്ക്</u>

<u>നിലമ്പൂർ ടൂറിസം കരട് മാസ്റ്റർ പ്ലാൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാന ടൂറിസം വകുപ്പിൽ സമർപ്പിച്ച നിലമ്പൂർ ടൂറിസം കരട് മാസ്റ്റർ പ്ലാനിൽ (സസ്റ്റൈനബിൾ ടൂറിസം മാസ്റ്റർ പ്ലാൻ ഫോർ നിലമ്പൂർ റീജ്യൺ) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; 2016 ഫെബ്രുവരിയിൽ ഏതൊക്കെ രേഖകളാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ടി.സി.എസ്. ടൂറിസം വകുപ്പിന് സമർപ്പിച്ചതെന്ന് അറിയിക്കാമോ; | (എ) | 2016 ഫെബ്രുവരിയിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് കരട് മാസ്റ്റർ പ്ലാൻ വിനോദസഞ്ചാര ഡയറക്ടറേറ്റിൽ സമർപ്പിച്ചതിനെതുടർന്ന് 24.02.2016 ൽ പ്രസ്തുത ഏജൻസിയുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുകയും മാസ്റ്റർപ്ലാൻ പരിശോധിച്ച് ചില മാറ്റങ്ങൾ ഉൾപ്പെടുത്തി അവസാന കരട് സമർപ്പിക്കുവാൻ വിനോദസഞ്ചാര ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെ ലഭിച്ചിട്ടില്ല. 2016 ഫെബ്രുവരിയിൽ സമർപ്പിച്ചിരുന്ന കരട് മാസ്റ്റർ പ്ലാനിന്റെ രണ്ട് വോള്യങ്ങൾ അവയുടെ സോഫ്റ്റ് കോപ്പി അടങ്ങിയ സിഡി എന്നിവയാണ് ഏജൻസി സമർപ്പിച്ചിരുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ എവിടെയാണെന്നും ഫയൽ നമ്പരുകളും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥനും സെക്ഷനും ഏതെന്ന് അറിയിക്കുമോ; | (ബി) | ടൂറിസം ഡയറക്ടറേറ്റിലാണ് ഈ ഫയൽ ഇപ്പോൾ ഉള്ളത്. ഫയൽ നം. P1(P5)- 7576/2013, ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻ - പ്ലാനിംഗ് ഓഫീസർ , പ്ലാനിംഗ് & ഡെവലപ്മെന്റ് സെക്ഷൻ , ടൂറിസം ഡയറക്ടറേറ്റ്. |
| (സി) | നിലമ്പൂരിലെയും പരിസര പ്രദേശങ്ങളിലെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി ടി.സി.എസ്. തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ പദ്ധതി പൂർണ്ണമായോ, ഭാഗികമായോ, ഘട്ടം ഘട്ടമായോ നടപ്പാക്കാൻ സർക്കാർ സന്നദ്ധമാണോ എന്ന് വ്യക്തമാക്കാമോ; പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുമോ? | (സി) | ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സമർപ്പിച്ച കരട് മാസ്റ്റർ പ്ലാനിൽ താഴെപ്പറയുന്ന പ്രദേശങ്ങളിലെ വികസന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. 1. മുട്ടിക്കടവ് ഫാം 2. നിലമ്പൂർ ടൗണും പരിസരവും 3. ആഡ്യൻപാറ വെള്ളച്ചാട്ടം 4. കക്കടാംപൊയ്യിൽ & കോഴിപ്പാറ വെള്ളച്ചാട്ടം 5. മുണ്ടേരി സീഡ് ഫാം 6. നെടുങ്കയം 7. ട്രൈബൽ ഹെറിറ്റേജ് സെന്റർ, കാറ്റുലെ 8. പൂക്കോട്ടുപാടം - ടി.കെ കോളനി 9. കാവ് വികസനം 10. വഴിക്കടവ് നാട്ടുകാണിപുരം 11. നിലമ്പൂർ പാട്ടുത്സവം, ഫെയർ & ഫെസ്റ്റിവൽസ് പ്രസ്തുത മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ